# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 377

10-06-2014-ൽ മറുപടിക്ക്

## വൈദ്യുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ. കുഞ്ഞിരാമൻ (ഉദുമ) | | ശ്രീ. ആര്യാടൻ മുഹമ്മദ്. (ഊർജ്ജ വകുപ്പ് മന്ത്രി.) | |
| (എ) | സംസ്ഥാനത്ത് വൈദ്യുതി ബോർഡിന് കുടിശ്ശികയിനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക എത്ര കോടി രൂപയാണെന്ന് വ്യക്തമാക്കുമോ ; | (എ) | 31.03.2014 — ലെ ത്രൈമാസ കുടിശ്ശികയുടെ കണക്കനുസരിച്ച് വൈദ്യുതി ബോർഡിന് 1502.42 കോടി രൂപ കുടിശ്ശിക ഇനത്തിൽ പിരിഞ്ഞുകിട്ടാനുണ്ട് |
| (ബി) | ഈ ഇനത്തിൽ കുടിശ്ശിക നൽകാനുള്ള സ്ഥാപനങ്ങളുടേയും വകുപ്പുകളുടേയും പേരു വിവരങ്ങൾ വിശദമാക്കുമോ ; | (ബി) | കുടിശ്ശിക വരുത്തിയിട്ടുള്ള സംസ്ഥാന / കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ ഇവയുടെ പേരുവിവരങ്ങൾ 1 മുതൽ 5 വരെ അനുബന്ധമായി ചേർത്തിരിക്കുന്നു |
| (സി) | പ്രസ്തുത കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി ഈ സർക്കാരിന്റെ കാലത്ത് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ ? | (സി) | പ്രസ്തുത കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി വൈദ്യുതി ബന്ധം വിച്ഛേദിക്കൽ. ഒറ്റത്തവണ തീർപ്പാക്കൽ. തവണവ്യവസ്ഥ അനുവദിക്കൽ. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തൽ. കുടിശ്ശിക സംബന്ധിച്ച് വിവിധ കോടതികളിൽ നിലവിലുള്ള |

കേസുകൾ തീർപ്പാക്കൽ; റവന്യൂ അദാലത്തുകൾ തുടങ്ങിയ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്

സെക്ഷൻ ഓഫീസർ.

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**